കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ളാർക്ക് ശ്രീമതി.എം.ബി.പ്രീതിയ്ക്ക് 20.11.2010 മുതൽ 31.12.2014 വരെയുള്ള ഹാജരില്ലായ്മ കാലയളവ് പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

---

# തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

**സ.ഉ(സാധാ).നം. 1414/ 2016/തസ്വഭവ** **തീയതി, തിരുവനന്തപുരം 5/4/2016**

---

പരാമർശം: 1) സ.ഉ(സാധാ) നമ്പർ 3636/10/തസ്വഭവ തീയതി 19.11.2010.
2) ശ്രീമതി എം ബി പ്രീതിയുടെ 28.10.2014 ലെ ശൂന്യവേതനാവധിയപേക്ഷ
3) പഞ്ചായത്ത് ഡയറക്ടറുടെ 09.06.2015 ലെ ഇ 3-42577/2014 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ളാർക്ക് ശ്രീമതി. എം. ബി പ്രീതിയ്ക്ക് എൽ.എൽ.ബി പഠിയ്ക്കാനായി പരാമർശം 1 പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയ്ക്ക് തുടർച്ചയായി 20.11.2013 മുതൽ 31.12.2014 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നല്കണമെന്നാവശ്യപ്പെട്ട് പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ളാർക്ക് ശ്രീമതി എം. ബി. പ്രീതിയ്ക്ക് എൽ.എൽ.ബി പഠനത്തിനായി പരാമർശം 1 പ്രകാരം കെ എസ് ആർ ഭാഗം 1, അനുബന്ധം XII B പ്രകാരം 3 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ടിയാൾ 20.11.2010 മുതൽ അവധിയിൽ പ്രവേശിയ്ക്കുകയും ചെയ്തു. എന്നാൽ അസുഖം കാരണം ക്ളാസ്സിൽ ഹാജരാകാൻ കഴിയാതിരുന്നതിനാൽ കോഴ്സ് പൂർത്തിയാക്കാനായില്ലെന്നും 2014 ഡിസംബറോട് കൂടിയേ കോഴ്സ് പൂർത്തിയാക്കാനാകൂയെന്നും ആയതിനാൽ ആദ്യം അനുവദിച്ച അവധിക്കാലയളവ് അവസാനിയ്ക്കുന്ന 20.11.2013 മുതൽ 31.12.2014 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നല്കണമെന്ന് വീണ്ടും അപേക്ഷിയ്ക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി എം ബി പ്രീതിയ്ക്ക് 19.11.2010 ൽ കെ എസ് ആർ ഭാഗം 1, അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധി അനുവദിക്കുമ്പോൾ 3 വർഷത്തിൽ കൂടുതൽ സർവ്വീസ് ഉണ്ടായിരുന്നതിനാൽ ചട്ടം 88 ഭാഗം 1 കെ.എസ്.ആർ പ്രകാരം ശൂന്യവേതനാവധിയ്ക്ക് അർഹതയുണ്ടായിരുന്നു. ആയതിനാൽ പരാമർശം 1 പ്രകാരമുള്ള ഉത്തരവ് റദ്ദ്

ചെയ്ത് എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി എം ബി പ്രീതിയ്ക്ക് എൽ.എൽ.ബി പഠിയ്ക്കാനായി 20.11.2010 മുതൽ 31.12.2014 വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി. എസ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം. (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീമതി എം .ബി. പ്രീതി , ഹെഡ് ക്ലാർക്ക്,ആയവന ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ധനവകുപ്പ് ( 14.12.2015 ലെ ഇ-142523/ആർബി2/15/ധന നമ്പർ കുറിപ്പ് )
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ